1 സാമുവൽ 1-7

അവസാനത്തെ ന്യായാധിപനായ സാമുവലിന്റെ കാലംമുതൽ ദാവീദിന്റെ ഭരണത്തിന്റെ അവസാനംവരെയുള്ള ചരിത്രമാണ് സാമുവലിന്റെ പേരിലുള്ള രണ്ടു പുസ്തകങ്ങളുടെ ഉള്ളടക്കം. 1-2 സാമുവല്, 1-2 രാജാക്കൻമാർ എന്നീ പുസ്തകങ്ങള് 1-4 രാജാക്കൻമാർ എന്ന പേരിലാണ് ഗ്രീക്കുപരിഭാഷയിൽ പ്രത്യക്ഷപ്പെടുന്നത്. ചില ആധുനിക വിവർത്തനങ്ങളും ഈ പാരമ്പര്യം സ്വീകരിച്ചു കാണുന്നു. ഒറ്റ ഗ്രന്ഥമായ സാമുവൽ പഴയനിയമത്തിന്റെ ഗ്രീക്കു പരിഭാഷ നടത്തിയവരാണ് രണ്ട് ഗ്രന്ഥങ്ങളായി വിഭജിച്ചത്.

ബി.സി.1050-ഓടുകൂടി ഇസ്രായേലിനു ഫിലിസ്ത്യരുടെ ഭീഷണി വർധിച്ചു. ന്യായാധിപന്മാരുടെ നേതൃത്വത്തിൽ ഫിലിസ്ത്യരെ അവിടവിടെ അമർച്ച ചെയ്യാൻ സാധിച്ചെങ്കിലും ശാശ്വതപരിഹാരം ഉണ്ടായില്ല. മറ്റു ജനതകളുടേതുപോലെ ഒരു രാജാവുണ്ടായാൽ തങ്ങൾക്കു സമാധാനവും ഐശ്വര്യവും ലഭിക്കുമെന്ന് ജനം പ്രതീക്ഷിച്ചു. സാമുവലിന്റെ പുത്രന്മാരുടെ നേതൃത്വം ജനത്തിനു സ്വീകാര്യമായില്ല. തങ്ങൾക്കൊരു രാജാവ് വേണമെന്ന് അവര് ശഠിച്ചു (1സാമു 8,15). കർത്താവല്ലാതെ മറ്റൊരു രാജാവ് ആവശ്യമില്ല എന്ന അഭിപ്രായമാണ് സാമുവലിനുണ്ടായിരുന്നതെങ്കിലും ജനഹിതമനുസരിച്ചു പ്രവർത്തിക്കാന് അദ്ദേഹത്തിനു കര്ത്താവിന്റെ നിർദേശം ലഭിച്ചു. സാമുവൽ സാവൂളിനെ രാജാവായി അഭിഷേകം ചെയ്തു (1 സാമു 10,1).

ഫിലിസ്ത്യർക്കെതിരേയുള്ള യുദ്ധങ്ങളിൽ വിജയം വരിച്ചെങ്കിലും ദൈവഹിതത്തിനു വിരുദ്ധമായി പ്രവര്ത്തിച്ചതുകൊണ്ട് സാവൂൾ തിരസ്കൃതനായി. പകരം ജസ്സെയുടെ പുത്രനായ ദാവീദിനെ സാവൂൾ അറിയാതെ സാമുവൽ അഭിഷേകംചെയ്തു (1 സാമു 16,13). ഫിലിസ്ത്യരുമായുള്ള യുദ്ധത്തില് മുറിവേറ്റ സാവൂൾ സ്വന്തം വാളിൽ വീണു മരിച്ചു.

ദാവീദ് ഹെബ്രോണിൽവച്ച് അഭിഷിക്തനായി, അവിടെ ഏഴുവർഷം ഭരിച്ചു (2 സാമു 2,1-10). തുടർന്ന് തലസ്ഥാനം ജറുസലേമിലേക്കു മാറ്റി. നാൽപതുവര്ഷം ദീർഘിച്ച ദാവീദിന്റെ ഭരണകാലം (1010-970) സംഭവബഹുലമായിരുന്നു. സാവൂളിന്റെ മകൻ ഇഷ്ബാലും സ്വന്തം മകൻ അബ്സലോമും സിംഹാസനം തട്ടിയെടുക്കാൻ നടത്തിയ ശ്രമങ്ങൾ വിജയിച്ചില്ല. ബാഹ്യശത്രുക്കളായ ഫിലിസ്ത്യർ, അമലേക്യർ, മൊവാബ്യർ, എദോമ്യർ എന്നിവരെയെല്ലാം തോല്പിച്ച് ദാവീദ് രാജ്യത്ത് സമാധാനം സ്ഥാപിച്ചു. ഇസ്രായേലില് ഐശ്വര്യം കളിയാടി. ഐശ്വര്യം കൈവന്നപ്പോൾ ദാവീദ് കർത്താവിന് ഒരാലയം പണിയാൻ ആഗ്രഹിച്ചു. എന്നാൽ, നാഥാൻ പ്രവാചകൻവഴി

കർത്താവ് അതു വിലക്കി. ദാവീദിന്റെ സിംഹാസനം എന്നേക്കും നിലനില്ക്കുമെന്ന വാഗ്ദാനം നാഥാൻവഴി കർത്താവ് നല്കി. വരാനിരിക്കുന്ന രക്ഷകന് ദാവീദിന്റെ പുത്രൻ ആയിരിക്കുമെന്ന വിശ്വാസത്തിന്റെ ഉറവിടം ഇവിടെയാണ്.

നീതിനിഷ്ഠനായ രാജാവായിരുന്നെങ്കിലും ബലഹീനതയുടെ നിമിഷങ്ങൾ ദാവീദിന്റെ ജീവിതത്തിലുമുണ്ടായിരുന്നു. ഊറിയായുടെ ഭാര്യയായ ബത്ഷെബായെ സ്വന്തമാക്കാൻ ദാവീദ് കാട്ടിയ വൻചതി നാഥാന്റെ ശക്തമായ വിമർശനത്തിനു വിഷയമായി. തെറ്റു മനസ്സിലാക്കിയ ദാവീദ് ഉള്ളുരുകി അനുതപിച്ചു (സങ്കീ 51). ദാവീദിന് ബത്ഷെബായിൽ ജനിച്ച പുത്രനാണ് കിരീടാവകാശിയായിത്തീർന്ന സോളമൻ. ദൈവഹിതത്തിനു വിരുദ്ധമായി ജനസംഖ്യയെടുത്തതിനു ശിക്ഷയായി വന്ന മഹാമാരിയിൽനിന്നു ജനത്തെ രക്ഷിക്കണമേ എന്ന യാചനയുമായി ബലിയർപ്പിക്കുന്ന ദാവീദിനെയാണ് രണ്ടാംപുസ്തകത്തിന്റെ അവസാന ഭാഗത്തു കാണുന്നത് (24,25).

സാമുവലിന്റെ ഒന്നാംഗ്രന്ഥത്തിലെ ചരിത്രം ന്യായാധിപന്മാരിൽ സാംസണു ശേഷമുള്ള അവസാനത്തെ വ്യക്തിയായ സാമുവലിൽ നിന്നു തുടങ്ങുന്നു (ന്യായാ 16,31). ഈ ഗ്രന്ഥത്തിൽ ദൈവത്തിന് പ്രാമുഖ്യമുള്ള മതാധിപത്യ ഭരണത്തിൽനിന്ന് രാജവാഴ്ചയിലേക്കുള്ള അധികാര കൈമാറ്റം കാണാൻ കഴിയും. അവസാനത്തെ ന്യായാധിപനും ആദ്യത്തെ പ്രവാചകനുമായ സാമുവൽ, ഇസ്രയേലിലെ ആദ്യത്തെ രാജാവായ സാവൂൾ, ഇസ്രയേൽ രാജാക്കന്മാരിൽ ഏറ്റവും പ്രസിദ്ധനായ ദാവീദ് എന്നീ മൂന്നുപേരെയാണ് ഈ ഗ്രന്ഥത്തിൽ പരാമർശിക്കുന്നത്.

സാമുവലിന്റെ ജനനവും ദേവാലയത്തിൽ അവനു ലഭിച്ച പരിശീലനവും പിന്നീട്, ഒരു പ്രവാചകനെന്ന നിലയിലും പുരോഹിതനെന്ന നിലയിലും ന്യായാധിപനെന്ന നിലയിലും എങ്ങനെ അയാള് പ്രവർത്തിച്ചുവെന്നും 1 സാമുവലിൽ പറയുന്നു. ദൈവം നിർദേശിച്ചതനുസരിച്ച് സാമുവൽ സാവൂളിനെ ഇസ്രയേലിന്റെ പ്രഥമ രാജാവായി അഭിഷേകം ചെയ്തു. ഈ ഗ്രന്ഥത്തിലെ പിന്നീടുള്ള ഭാഗങ്ങളിൽ അസൂയ നിറഞ്ഞ സാവൂളും ദൈവം രാജാവായി തിരഞ്ഞെടുത്ത ദാവീദും തമ്മിലുള്ള സംഘർഷമാണ് വിവരിക്കുന്നത്.

ഈ ഗ്രന്ഥത്തിൽ ഗോത്രങ്ങളുടെ ഐക്യസംഘടനയിൽനിന്നു രാജഭരണത്തിലേക്കുള്ള അധികാര കൈമാറ്റത്തെക്കുറിച്ച് വിവരിക്കുന്നു. വ്യക്തികളുടെയും ഇസ്രയേലിന്റെയും ചരിത്രത്തിന്റെയും നാഥനായ ദൈവം തന്റെ പരമാധികാരം പ്രകടിപ്പിക്കുമ്പോൾ, ജനങ്ങളുടെ മനസ്സിൽ നിരവധി ചോദ്യങ്ങളുയരുന്നുണ്ട്. എന്തുകൊണ്ട് ഒരു പ്രവാസം? എന്തുകൊണ്ട് ദൈവം ഇസ്രയേലിനെ ശിക്ഷിച്ചു? ബാബിലോണിലെ ദേവന്മാരാണോ കൂടുതൽ മഹത്ത്വമുള്ളവർ?

ഈ ചോദ്യങ്ങൾക്കെല്ലാം ഉത്തരം ലഭിക്കണമെങ്കിൽ, നാം അവരുടെ ആചാരങ്ങൾ, ഭൂമിശാസ്ത്രം, സാഹിത്യരൂപങ്ങൾ തുടങ്ങിയവയെല്ലാം അറിയണം. ജനങ്ങളുടെ മനസ്സിൽ ഉയരുന്ന ചോദ്യങ്ങള്ക്ക് ഗ്രന്ഥകാരൻ മറുപടി നല്കുന്നു. എന്തുകൊണ്ടാണ് ഏലി ശിക്ഷിക്കപ്പെട്ടത്? എന്തുകൊണ്ടാണ് വാഗ്ദത്ത പേടകം പിടിച്ചെടുത്തത്? മാപ്പ് ചോദിച്ചിട്ടും സാവൂളിനെ എന്തുകൊണ്ടാണ് കൈവിട്ടത്? മാരകമായ പാപം ചെയ്തിട്ടും ദാവീദിനു മാപ്പ് കൊടുത്തത് എന്തുകൊണ്ട്? ദാവീദിന്റെ ഉടമ്പടിക്കു എന്തു വിശ്വാസ്യതയാണുള്ളത്? മൂത്തസഹോദരന് ജീവിച്ചിരിക്കേ, സോളമനു രാജാവാകാൻ എന്ത് അവകാശമാണുള്ളത്? ഇസ്രയേലില് രാജവാഴ്ച പ്രാബല്യത്തിലായതെങ്ങനെ?

# പുസ്തകം വിവരിക്കുന്ന ചരിത്രകാലഘട്ടം

| | |
|---|---|
| **സാമുവേലി**ന്റെ **ശുശ്രൂഷാകാലം** | ബി.സി. **1100–1020** |
| **സാവൂളി**ന്റെ **രാജത്വം** | ബി.സി **1050–1010** |
| **ദാവീ**ദിന്റെ **രാജത്വം** | ബി.സി **1010–970** |

സാമുവേലിന്റെ ജനനം മുതൽ അദ്ദേഹത്തിന്റെ ശുശ്രൂഷയും, സാവൂളിന്റെ രാജത്വവും, ദാവീദിന്റെ ഉയർച്ചയും രാജത്വവും വരെയുള്ള സംഭവങ്ങളാണ് ഇതിന്റെ പ്രധാന ഉള്ളടക്കം.

## വചനത്തിന്റെ വ്യാഖ്യാനങ്ങൾ

1 സാമുവൽ 1:5 ഹന്നായുടെ പ്രശ്നം വെറും "കുട്ടിയില്ലായ്മ" എന്ന സാമൂഹിക പ്രശ്നമല്ല. എഴുത്തുകാരൻ ആവർത്തിച്ച് റെഹെം — ഗർഭപാത്രം എന്ന പദം ഉപയോഗിക്കുന്നു. പ്രധാനമായൊരു ക്രിയയാണ്: — സാഗർ (sāgar) = അടയ്ക്കുക. "യഹോവ അവളുടെ ഗർഭപാത്രം അടച്ചിരുന്നു." (1, 5)

1 സാമുവൽ 1:10 ഹന്നായുടെ പ്രതികരണം പ്രതികാരമോ നിരാശയോ അല്ല; പ്രാർത്ഥനയാണ്. തെഫില്ലാ— "പ്രാർത്ഥന" അവളുടെ "പ്രാർത്ഥന" ഒരു സാധാരണ അപേക്ഷ മാത്രമല്ല. അവൾ തന്റെ ഉള്ളിലെ വേദന ദൈവസന്നിധിയിൽ തുറന്നുവയ്ക്കുന്നു. ഇത് 1:15-ലെ മറ്റൊരു ശക്തമായ പദവുമായി ബന്ധപ്പെടുന്നു: ഷാഫഖ് (šāpak) = ഒഴിക്കുക "ഞാൻ യഹോവയുടെ സന്നിധിയിൽ എന്റെ ആത്മാവിനെ ഒഴുക്കിക്കൊണ്ടിരുന്നു." അതായത് പ്രാർത്ഥന = ഹൃദയം ദൈവസന്നിധിയിൽ ഒഴുക്കിവയ്ക്കൽ.

1 സാമുവൽ 1:11 ഹന്നാ ഒരു നേർച്ച ചെയ്യുന്നു: നെദെർ — "നേർച്ച." മകൻ ലഭിച്ചാൽ അവനെ യഹോവയ്ക്കു സമർപ്പിക്കും അവന്റെ തലയിൽ ക്ഷൗരക്കത്തി വരുകയില്ല." ഇത് പിന്നീട് സാമുവേലിന്റെ നസീർ-സദൃശ സമർപ്പിത ജീവിതവുമായി ബന്ധപ്പെടുന്നു.

1 സാമുവൽ 1:11 ഹന്നാ പറയുന്നു: “നിന്റെ ദാസിയുടെ കഷ്ടത നീ കാണണമേ.” “ റാഹ” (rā'â) — “കാണുക” ഇവിടെ “കാണുക” വെറും കണ്ണുകൊണ്ട് കാണുക എന്ന അർത്ഥത്തിൽ മാത്രം അല്ല. Biblical Hebrew-യിൽ ദൈവം ഒരാളുടെ കഷ്ടത “കാണുന്നു” എന്നു പറയുമ്പോൾ പലപ്പോഴും അതിൽ ശ്രദ്ധിക്കുക + ഇടപെടുക എന്ന ആശയം അടങ്ങിയിരിക്കുന്നു. ഉദാഹരണം: പുറപ്പാട് 3:7 — “എന്റെ ജനത്തിന്റെ കഷ്ടത ഞാൻ കണ്ടിരിക്കുന്നു.” അതുകൊണ്ട് ഹന്നായുടെ പ്രാർത്ഥന: “എന്റെ അവസ്ഥ ശ്രദ്ധിച്ച് അതിൽ ഇടപെടണമേ.” എന്ന അപേക്ഷയാണ്.

1 സാമുവൽ 1:11, 19 : സാഖർ = ഓർക്കുക + ശ്രദ്ധിക്കുക + പ്രവർത്തിക്കുക. ഹീബ്രു ബൈബിളിൽ ദൈവം “ഓർക്കുന്നു” എന്നത് ദൈവത്തിന് മുമ്പ് മറന്നുപോയ കാര്യം ഓർമ്മ വരുന്നു എന്നല്ല. അതിനാൽ: ഹന്നാ അപേക്ഷിക്കുന്നു → യഹോവ ഓർക്കുന്നു → യഹോവ പ്രവർത്തിക്കുന്നു. ഇത് പഴയനിയമത്തിലെ പ്രധാന theological pattern ആണ്.

1 സാമുവൽ 1:11 സാഖർ — ഓർക്കുക എന്നതിന്റെ വിപരീതമായി ഷാഖഖ് — മറക്കുക. ഹന്നായുടെ അപേക്ഷയിൽ: “നിന്റെ ദാസിയെ മറക്കാതെ...”

1 സാമുവൽ 1:17, 20 : ഇത് 1 സാമുവേലിലെ ഏറ്റവും പ്രധാനപ്പെട്ട വാക്കുകൾ കൊണ്ടുള്ള കളികളിൽ ഒന്നാണ്. ഷാഅൽ = ചോദിക്കുക ഹന്നാ ഒരു മകനെ ചോദിക്കുന്നു. അതിനുശേഷം സാമുവേലിന്റെ പേരിന്റെ വ്യാഖ്യാനത്തിൽ ഈ വാക്കുമായി ബന്ധമുള്ള ആശയം വരുന്നു: “ഞാൻ അവനെ യഹോവയോടു ചോദിച്ചുവല്ലോ.” അതിനാൽ കഥയുടെ അടിസ്ഥാന രീതി: ചോദിച്ചു → ലഭിച്ചു → യഹോവയ്ക്കു തിരികെ നൽകി.

1 സാമുവൽ 1:28 : ഹന്നാ സാമുവേലിനെ യഹോവയ്ക്ക് “ഏൽപ്പിക്കുന്നു. “ഹിഷീൽ” — “ഏൽപ്പിക്കുക / സമർപ്പിക്കുക. ഇത് ഷാഅൽ എന്ന മൂലപദവുമായി ബന്ധപ്പെട്ടതാണ്. ഹന്നാ ദൈവത്തോട് ചോദിച്ചു; ദൈവം നൽകി; ഹന്നാ ദൈവത്തിന് തിരികെ നൽകി.

1 സാമുവൽ 1:15 ഹന്നാ: “ഞാൻ എന്റെ നെഫെഷ് യഹോവയുടെ മുമ്പാകെ ഒഴുക്കിക്കൊണ്ടിരുന്നു.” നെഫെഷ് എന്നത് “ശരീരത്തിൽനിന്ന് വേർപ്പെട്ട ആത്മാവ്” എന്നതിൽ മാത്രം ഒതുങ്ങുന്നില്ല. സന്ദർഭം അനുസരിച്ച്: ജീവൻ, വ്യക്തി, സ്വയം, ഉള്ളം, ജീവാത്മാവ്, എന്നിങ്ങനെ അർത്ഥമാകാം. ഇവിടെ “എന്റെ മുഴുവൻ ഉള്ളം / എന്റെ വ്യക്തിത്വം” എന്ന ആശയം യോജിക്കുന്നു.

1 സാമുവൽ 1:15 “എന്റെ ആത്മാവിനെ യഹോവയുടെ മുമ്പാകെ ഒഴുക്കി.” ഷാഫഖ് (šāpak) — “ഒഴിക്കുക. ഇത് അതീവ ശക്തമായ **രൂപകം** ആണ്. പ്രാർത്ഥന ഇവിടെ: വാക്കുകൾ പറയൽ മാത്രം അല്ല → ഉള്ളിലെ വേദന മുഴുവൻ ദൈവത്തിനു സമർപ്പിക്കൽ.

— റൂഅഹ് എന്നതിന് മൂന്ന് പ്രധാന അടിസ്ഥാന മേഖലകൾ ഉണ്ട്: കാറ്റ്, ശ്വാസം, ആത്മാവ്. റൂഅഹ് (rûaḥ) — “ആത്മാവ് / കാറ്റ് / ശ്വാസം”

1 സാമുവൽ 1:16 ഹന്നാ പറയുന്നു താൻ "ബെലീയാലിന്റെ മകൾ" അല്ലെന്ന്. "ബെലീയാൽ" പിന്നീട് യഹൂദ-ക്രൈസ്തവ സാഹിത്യത്തിൽ ദുഷ്ടതയുമായി ശക്തമായി ബന്ധപ്പെടുന്ന പദമായി മാറുന്നു. " ബെലീയാൽ"(bəlîyaʿal) — "നിഷ്ഫലൻ / ദുഷ്ടൻ"

1 സാമുവൽ 2:1, 10 "എന്റെ കൊമ്പ് യഹോവയിൽ ഉയർന്നിരിക്കുന്നു." കെറെൻ — "കൊമ്പ്" ഹീബ്രു സംസ്കാരത്തിൽ കൊമ്പ് ശക്തിയുടെ പ്രതീകമാണ്. അതിനാൽ: "കൊമ്പ് ഉയർത്തുക" = ശക്തി, ബഹുമാനം, മഹത്വം, രാജകീയ ശക്തി ഉയർത്തുക.

1 സാമുവൽ 2:1 "റാമാഹ്" = ഉയർത്തുക / ഉയർന്ന നിലയിലാക്കുക. ഹന്നായുടെ പാട്ടിൽ ദൈവം താഴ്ത്തപ്പെട്ടവരെ ഉയർത്തുന്നു. ഇത് 2:1–10-ന്റെ പ്രധാന theological theme ആണ്: ദൈവത്തിന്റെ മറിച്ചിടൽ.

1 സാമുവൽ 2:2 "യഹോവയെപ്പോലെ വിശുദ്ധൻ ആരുമില്ല." ഖാദോഷ് എന്നത് കേവലം "നൈതികമായി നല്ലവൻ" എന്നതിൽ ഒതുങ്ങുന്നില്ല. അതിൽ: വേർതിരിക്കപ്പെട്ടത്, അതുല്യമായത്, ദൈവികമായത്, വിശുദ്ധമായത്, എന്ന ആശയങ്ങൾ ഉണ്ട്.

1 സാമുവൽ 2:2 "നമ്മുടെ ദൈവത്തെപ്പോലെ ഒരു പാറയുമില്ല." ത്സൂർ (ṣûr) — "പാറ. ത്സൂർ Biblical Hebrew-യിൽ: സ്ഥിരത, സംരക്ഷണം, അഭയം, വിശ്വസ്തത എന്ന ആശയങ്ങൾ നൽകുന്നു. ദൈവം മാറാത്ത പാറ എന്ന ദൈവശാസ്ത്രപ്രതീകം ഇവിടെ കാണാം.

1 സാമുവൽ 2:3 ഹന്നായുടെ സ്തോത്രത്തിൽ അഹങ്കാരത്തിനെതിരെ മുന്നറിയിപ്പ് ഉണ്ട്. ഗേയേ (gēʾeh) — "അഹങ്കാരി. 1 സാമുവേൽ 2:7–8 ആനി (ʿānî) — "ദരിദ്രൻ / പീഡിതൻ. ഇത് വെറും സാമ്പത്തിക ദാരിദ്ര്യം മാത്രമല്ല. സന്ദർഭം അനുസരിച്ച്: പീഡിതൻ, താഴ്ത്തപ്പെട്ടവൻ, സഹായം ആവശ്യമുള്ളവൻ എന്ന അർത്ഥവും വരുന്നു. "ദൈവം താഴ്ത്തപ്പെട്ടവനെ ഉയർത്തുന്നു".

1 സാമുവൽ 2:8 "പൊടിയിൽനിന്ന് ദരിദ്രനെ ഉയർത്തുന്നു." ആഫാർ (ʿāpār) — "പൊടി". ആഫാർ Genesis 2:7-ലെ മനുഷ്യന്റെ സൃഷ്ടിയുമായി ബന്ധപ്പെട്ട പ്രധാന Hebrew vocabulary-യിലും വരുന്നു. അതുകൊണ്ട് ഇവിടെ "പൊടി" എന്ന image മനുഷ്യന്റെ താഴ്ന്ന സാമൂഹിക അവസ്ഥയും സൃഷ്ടിജന്യമായ ദൈവാശ്രിതത്വവും ഓർമ്മിപ്പിക്കുന്നു.

മാശിയാഹ് (māšîaḥ) — "അഭിഷിക്തൻ: 1 സാമുവൽ 2:10 ഇത് 1 സാമുവേൽ 1–7-ലെ ഏറ്റവും പ്രധാനപ്പെട്ട theological words-ലൊന്നാണ്. മാശഹ്= അഭിഷേകം ചെയ്യുക. അതിൽനിന്ന്: മാശിയാഹ്= അഭിഷിക്തൻ.ഇതാണ് Messiah / മെസ്സിയ എന്ന ആശയത്തിന്റെ പ്രധാന Hebrew അടിസ്ഥാനപദം.

ദാവാർ (dābār) — "വചനം : 1 സാമുവേൽ 3:1 ദൈവത്തിന്റെ വചനം അപൂർവമായിരുന്നു." യാകാർ (yāqār) — "വിലയേറിയ / അപൂർവമായ: 1 സാമുവേൽ 3:1 "ദർശനം അധികം

ഉണ്ടായിരുന്നില്ല." ഇവിടെ യാകാർ "വിലയേറിയ" എന്ന അർത്ഥത്തോടൊപ്പം അപൂർവം എന്ന ആശയവും നൽകുന്നു. അതായത്: ദൈവിക revelation അപൂർവമായിരുന്ന കാലം.

ഖാസോൻ (ḥāzôn) — "ദർശനം" 1 സാമുവേൽ 3:1 ഇവിടെ "ദൈവവചനം അപൂർവം" എന്നതും "ദർശനം സാധാരണമല്ല" എന്നതും parallel ആശയങ്ങളാണ്. അതായത് prophetic revelation-ന്റെ ക്ഷാമം.

1 സാമുവൽ 3:4–10: യഹോവ സാമുവേലിനെ വിളിക്കുന്നു. ഖാരാ (qārā') — "വിളിക്കുക".

1 സാമുവൽ 3:4–6, 8 ഹിന്നേനി (hinnenî) — "ഇതാ ഞാൻ". ( അബ്രാഹാം — Genesis 22:1; മോശ — Exodus 3:4; ഏശയ്യാ — Isaiah 6:8; സാമുവേൽ — 1 Samuel 3). ഇതിൽ "ഞാൻ ഇവിടെ ഉണ്ട്" എന്ന physical location മാത്രം അല്ല; "ഞാൻ സന്നദ്ധനാണ്; സംസാരിക്കണമേ" എന്ന readiness ഉണ്ട്.

1 സാമുവൽ 3:10 : ഷാമാ (šāma') — "കേൾക്കുക / അനുസരിക്കുക: ഹീബ്രുവിൽ കേൾക്കുക എന്നത് പലപ്പോഴും അനുസരിക്കുക എന്ന ആശയവും ഉൾക്കൊള്ളുന്നു. അതുകൊണ്ട് ബൈബിൾ ദൈവശാസ്ത്രത്തിൽശ്രവണം → അനുസരണം. സാമുവേലിന്റെ പ്രവാചക ദൗത്യത്തിന്റെ അടിസ്ഥാനം: അവൻ ആദ്യം ദൈവത്തിന്റെ ശബ്ദം കേൾക്കുന്നു.

1 സാമുവൽ 3:20 : നാവി (nābî') — "പ്രവാചകൻ : "സാമുവേൽ യഹോവയുടെ പ്രവാചകനായി സ്ഥിരീകരിക്കപ്പെട്ടു."

1 സാമുവൽ 4–6 : ആറോൻ — വാഗ്ദാനപേടകം : വാഗ്ദാനപേടകത്തിന് ഹീബ്രുവിൽ — ആറോൻ. 1 സാമുവേൽ 4–6-ൽ വാഗ്ദാന പേടകം = ദൈവത്തെ നിയന്ത്രിക്കാൻ കഴിയുന്ന ഒരു magical object അല്ല. ഇസ്രായേല്യർ യുദ്ധത്തിൽ പെട്ടകം കൊണ്ടുവരുന്നു. എന്നാൽ അവർ തോൽക്കുന്നു. അതിലൂടെ എഴുത്തുകാരൻ പഠിപ്പിക്കുന്നത്: ദൈവസാന്നിധ്യത്തെ ഒരു വസ്തുവിലൂടെ മനുഷ്യൻ നിയന്ത്രിക്കാനാവില്ല.

1 സാമുവൽ 7:3 : ഷൂവ് — "തിരികെ വരുക / മടങ്ങിവരുക" = turn back / return: സാമുവൽ ഇസ്രായേല്ഭവനത്തോടു മുഴുവൻ പറഞ്ഞു: നിങ്ങൾ പൂർണഹൃദയത്തോടെ കർത്താവിലേക്ക് തിരിയുകയാണെങ്കിൽ/ മടങ്ങിവരുവിൻ. "ഇത് പഴയനിയമത്തിലെ മാനസാന്തര പദസഞ്ചയത്തിലെ ( repentance vocabulary-യിലെ) ഏറ്റവും പ്രധാനപ്പെട്ട മൂലപദങ്ങളിലൊന്നാണ് (roots). മാനസാന്തരം: വെറും ദുഃഖം അല്ല → ദൈവത്തിലേക്കുള്ള തിരിഞ്ഞുവരവ്.